സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി

75(366) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഹയർ സെക്കണ്ടറി/വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ നടപ്പിലാക്കുന്ന സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിൽ ആണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയത്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ഹൈസ്കൂൾ, ഹയർ സെക്കണ്ടറി/വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ മുൻ അദ്ധ്യയന വർഷം 21 വിദ്യാലയങ്ങളിൽ പരീക്ഷണാടിസ്ഥാനത്തിലും നടപ്പ് അദ്ധ്യയന വർഷം മുതൽ 15 ഹയർ സെക്കണ്ടറി സ്കൂളുകളും ഒരു വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളും ഉൾപ്പെടെ 100 വിദ്യാലയങ്ങളിൽ പൂർണ്ണ തോതിലും സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പൗരബോധവും ലക്ഷ്യബോധവും സാമൂഹിക പ്രതിബദ്ധതയും സേവനസന്നദ്ധതയുമുള്ള ഒരു യുവജനതയെ വാർത്തെടുക്കുന്നതിനായാണ് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. സർക്കിൾ ഇൻസ്പെക്ടർ തലത്തിലുള്ള ഉദ്യോഗസ്ഥൻ ലെയ്സൺ ഓഫീസറായും വിദ്യാലയത്തിലെ ഓരോ അദ്ധ്യാപകൻ/ അദ്ധ്യാപിക കമ്മ്യൂണിറ്റി/ അഡീഷണൽ കമ്മ്യൂണിറ്റി പോലീസ് ഓഫീസറായും പ്രവർത്തിക്കുന്നു. പദ്ധതി നടത്തിപ്പിനായി സ്കൂൾതലം മുതൽ സംസ്ഥാന തലം വരെ ഉപദേശക സമിതികളും രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും നോഡൽ ഓഫീസർമാരെയും നിയമിച്ചിട്ടുണ്ട്. കേഡറ്റുകൾക്കും അനുബന്ധ ഉദ്യോഗസ്ഥർക്കും യൂണിഫോം വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഒരു വർഷത്തിൽ 60 മണിക്കൂർ കായിക പരിശീലനവും മാസത്തിൽ ഒരു ദിവസം റൂട്ട് മാർച്ച്/ക്രോസ് കൺട്രി റേസും വർഷത്തിൽ 40 മണിക്കൂർ പഠനക്ലാസ്സുകളും വർഷത്തിൽ 61 മണിക്കൂർ പ്രായോഗിക പരിശീലനവും ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(ബി) ഒറ്റപ്പാലം സർക്കാർ ഹയർ സെക്കണ്ടറി സ്കൂളിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly